2024
AUGUST
01
THURSDAY

www.societytodaynews.com

# സൊസൈറ്റി ടുഡേ

SOCIETY TODAY

E-mail: societytodaynews@gmail.com

വയബീൻ
വയനാടൻ ഉൽപ്പന്നങ്ങൾ
Home Delivery
9847 12 9091, 96455 97621

## മരണം 250 കടന്നു

# കണ്ണീർ നാട്



■ 158 മരണങ്ങൾ ഒദ്യോഗികമായി സ്ഥിരീകരിച്ചു. 86 പേരെ തിരിച്ചറിഞ്ഞു ■ 191 ലധികം പേരെ കാണാനില്ല.
■ ഇതുവരെ 1592 പേരെ രക്ഷപ്പെടുത്തി ■ ദുരന്ത മേഖലയിൽ 48 മണിക്കൂറിനിടെ പെയ്തത് 572 മില്ലി മീറ്റർ മഴ
■ ബെയ്‌ലി പാലത്തിന്റെ നിർമ്മാണം പൂർത്തിയാകുന്നു പാലം നിർമ്മിക്കുന്നത് 190 അടി നീളത്തിൽ




**വയനാട്:** വയനാട്ടിലെ മുണ്ടക്കൈയിലും ചൂരൽമലയിലും ചൊവ്വാഴ്ച പുലർച്ചെ ഉണ്ടായ ഉരുൾപൊട്ടലിൽ മരണം 250 കടന്നു.191 പേരെ കാണാതായി. ഇന്നലെ വൈകിട്ട് നാലു മണി വരെയുള്ള കണക്കുകൾ പ്രകാരം 1592 പേരെ രക്ഷപ്പെടുത്തി. 191 പേരെ കാണാനില്ലെന്നാണ് ഇതുവരെ കണക്കാക്കിയിട്ടുള്ളത്. ഇവർക്കായി തിരച്ചിൽ തുടരുകയാണ്. മരണപ്പെട്ടവരിൽ ഇന്നലെ വൈകുന്നേരം അഞ്ചു മണി വരെയുള്ള കണക്കുകൾ പ്രകാരം 158 മരണങ്ങൾ ഔദ്യോഗികമായി സ്ഥിരീകരിച്ചു. ഇതിൽ 86 പേരെ തിരിച്ചറിഞ്ഞു. മരണപ്പെട്ടരിൽ 73 പേർ പുരുഷൻമാരും 66 പേർ സ്ത്രീകളുമാണ്. 18 കുട്ടികളുണ്ട്. ഒരു മൃതദേഹത്തിന്റെ ആൺ പെൺ വ്യത്യാസം തിരിച്ചറിഞ്ഞിട്ടില്ല. 147 മൃത ദേഹങ്ങൾ പോസ്റ്റുമോർട്ടം ചെയ്തു. 52 മൃതദേഹാവശിഷ്ടങ്ങൾ ലഭിച്ചതിൽ 42 എണ്ണവും പോസ്റ്റുമോർട്ടം ചെയ്തു. 75 മൃതദേഹങ്ങൾ ബന്ധുക്കൾക്ക് വിട്ടു നൽകി. 213 പേരെയാണ് ദുരന്ത പ്രദേശത്തുനിന്ന് ആശുപത്രികളിൽ എത്തിച്ചത്. ഇതിൽ 97 പേർ വിവിധ ആശുപത്രികളിൽ ചികിത്സയിൽ തുടരുന്നു. 117 പേരെ ചികിത്സക്ക് ശേഷം ക്യാമ്പുകളിക്ക് മാറ്റി. വയനാട്ടിൽ 92 പേരും മലപ്പുറത്ത് 5 പേരുമാണ് ചികിത്സയിലുള്ളത്.കാണാതായവരെ കണ്ടെത്തുന്നതിനായി രക്ഷാ പ്രവർത്തനം ഊർജ്ജിതമായി നടക്കുകയാണ്. ദുരന്തമുണ്ടായി ചുരുങ്ങിയ സമയത്തിനുള്ളിൽ 1592 പേരെ രക്ഷിക്കാനായെന്ന് മുഖ്യമന്ത്രി പറഞ്ഞു.ആദ്യ ഘട്ടത്തിൽ ദുരന്ത മുണ്ടായത്തിന്റെ സമീപസ്ഥലങ്ങളിലെ 68 കുടുംബങ്ങളിലെ 206 പേരെ മൂന്ന് ക്യാമ്പുകളിലേക്ക് മാറ്റി. ഇതിൽ 75 പുരുഷന്മാർ 88 സ്ത്രീകൾ, 43 കുട്ടികൾ എന്നിവരാണ്. ഉരുൾപൊട്ടലിനെ തുടർന്ന് ഒറ്റപ്പെട്ടു പോയവരും വീടുകളിൽ കുടുങ്ങിപ്പോയവരുമായ 1386 പേരെ തുടർന്നുള്ള രക്ഷാ ദൗത്യത്തിന്റെ ഫലമായി രക്ഷിച്ചു. ഇതിൽ 528 പുരുഷന്മാർ, 559 സ്ത്രീകൾ, 299 കുട്ടികൾ എന്നിവരെ ഏഴ് ക്യാമ്പുകളിലേക്ക് മാറ്റി. 201 പേരെ രക്ഷിച്ചു ആശുപത്രിയിലെത്തിച്ചു. ഇതിൽ 90 പേരാണ് ഇപ്പോൾ ചികിത്സയിലുള്ളത്. വയനാട് ജില്ലയിലാകെ നിലവിൽ 82 ദുരിതാശ്വാസ ക്യാമ്പുകളിലായി 8017 ആളുകളാണുള്ളത്. അതിൽ 19 പേർ ഗർഭിണികളാണ്. മേപ്പാടിയിൽ 8 ക്യാമ്പുകളാണ് ഉള്ളത്. മൊത്തം 421 കുടുംബങ്ങളിലായി 1486 പേർ ഈ ക്യാമ്പുകളിൽ ഇപ്പോൾ കഴിയുകയാണ്.മുണ്ടക്കൈ ചെറാട്ട്കുന്ന് കോളനിയിൽ 32 പേരിൽ 26 പേരെ കണ്ടെത്തി. ഇതിൽ 24 പേരെ അട്ടമല ക്യാമ്പിലേക്ക് മാറ്റി. മേപ്പാടി പോളിടെക്നിക്കിൽ താൽക്കാലിക ആശുപത്രി സജ്ജമാക്കി. ചൂരൽമലയിലെ മദ്രസയിലും പള്ളിയിലും താൽക്കാലിക ക്ലിനിക് തയാറാക്കി. പോസ്റ്റുമോർട്ടം നടപടികൾ വേഗത്തിലാക്കാനും പരിക്കേറ്റവർക്ക് വിദഗ്ധ ചികിത്സ ഉറപ്പാക്കാനും നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്നും മുഖ്യമന്ത്രി പറഞ്ഞു.ഉരുൾപൊട്ടലിൽ ഒറ്റപ്പെട്ടുപോയ മുണ്ടക്കൈയിലേക്ക് ചൂരൽമലയിൽ നിന്നും സൈന്യത്തിന്റെ നേതൃത്വത്തിൽ നിർമ്മിക്കുന്ന താൽക്കാലിക പാലത്തിന്റെ (ബെയ്‌ലി പാലം) നിർമ്മാണം ഇന്നു വവൈകുന്നേരത്തോടെ പൂർത്തിയാകും. 190 അടി നീളത്തിലാണ് പാലം നിർമ്മിക്കുന്നത്. 24 ടൺ ഭാരം വഹിക്കാൻ ശേഷിയുള്ള പാലത്തിന്റെ നിർമ്മാണം പൂർത്തിയാകുന്നതോടെ മുണ്ടക്കൈയിലേക്ക് രക്ഷാപ്രവർത്തനത്തിന് ആവശ്യമായ ഭാരമേറിയ യന്ത്രസാമഗ്രികൾ എത്തിക്കാനാവും. നീളം കൂടുതലായതിനാൽ പുഴയ്ക്ക് മധ്യത്തിൽ തൂൺ സ്ഥാപിച്ചാണ് പാലം നിർമ്മിക്കുന്നത്. പാലത്തിന്റെ നിർമ്മാണം പൂർത്തിയാകുന്നതോടെ രക്ഷാപ്രവർത്തനം എളുപ്പമാകും.കേരള ആൻഡ് കർണാടക സബ് ഏരിയ ജനറൽ ഓഫീസർ കമാന്റിംഗ് (ജിഒസി) മേജർ ജനറൽ വി ടി മാത്യുവിന്റെ നേതൃത്വത്തിലാണ് കരസേനയുടെ രക്ഷാദൗത്യം ഏകോപിപ്പിക്കുന്നത്. കരസേനയുടെ 100 പേർ കൂടി രക്ഷാദൗത്യത്തിനായി ഉടൻ ദുരന്ത മുഖത്ത് എത്തും. മണ്ണിനടിയിൽ കുടുങ്ങിക്കിടക്കുന്നവർ ഉണ്ടെങ്കിൽ കണ്ടെത്തുന്നതിനായി കരസേനയുടെ പ്രത്യേക പരിശീലനം സിദ്ധിച്ച മൂന്ന് സ്നിഫർ നായകൾ ബുധനാഴ്ച രാത്രിയോടെ ദുരന്തമേഖലയിൽ എത്തും. മീററ്റിൽ നിന്നും വ്യോമസേനയുടെ പ്രത്യേക വിമാനത്തിൽ ഇവ കണ്ണൂർ വിമാനത്താവളത്തിലും അവിടെനിന്ന് ദുരന്ത മേഖലയിലും എത്തും.

സൊസൈറ്റി ടുഡേ
SOCIETY TODAY

# ദുരന്ത മേഖലയിൽ റെഡ് അലർട്ട് ഉണ്ടായിരുന്നില്ല: മുഖ്യമന്ത്രി



**തിരുവനന്തപുരം:** വയനാട് മുണ്ടക്കൈ, ചൂരൽമല എന്നിവിടങ്ങളിലുണ്ടായ വൻ ഉരുൾപൊട്ടൽ മേഖലയിൽ കേന്ദ്ര കാലാവസ്ഥാ കേന്ദ്രം മുന്നറിയിപ്പ് നൽകിയതിലും വളരെയധികം മഴയാണു പെയ്തതെന്നു മുഖ്യമന്ത്രി പിണറായി വിജയൻ വാർത്താ സമ്മേളനത്തിൽ പറഞ്ഞു. ദുരന്തമുണ്ടാകുന്നതിനു മുൻപ് ഒരു തവണപോലും ആ പ്രദേശത്തു റെഡ് അലർട്ട് നൽകിയിട്ടുണ്ടായിരുന്നില്ലെന്നും മുഖ്യമന്ത്രി ചൂണ്ടിക്കാട്ടി.ദുരന്തം ഉണ്ടായ പ്രദേശങ്ങളിൽ ഓറഞ്ച് അലർട്ട് ആണ് ദുരന്തമുണ്ടായ ഘട്ടത്തിൽ നിലനിന്നിരുന്നത്. 115നും 204മില്ലിമീറ്ററിനും ഇടയിൽ മഴ പെയ്യും എന്നായിരുന്നു കേന്ദ്ര കാലാവസ്ഥ കേന്ദ്രത്തിന്റെ മുന്നറിയിപ്പ്. എന്നാൽ ആദ്യത്തെ 24 മണിക്കൂറിനുള്ളിൽ 200 മില്ലി മീറ്ററും അടുത്ത 24 മണിക്കൂറിനുള്ളിൽ 372 മില്ലിമീറ്റർ മഴയാണ് ഈ പ്രദേശത് ആകെ പെയ്തത്. 48 മണിക്കൂറിനുള്ളിൽ 572 മില്ലിമീറ്റർ മഴയാണ് ആകെ പെയ്തത്. മുന്നറിയിപ്പ് നല്കിയതിലും എത്രയോ അധികമായിരുന്നു അത്. ദുരന്തം ഉണ്ടാകുന്നതിന് മുമ്പ് ഒരുതവണ പോലും ആ പ്രദേശത്ത് റെഡ് അലർട്ട് നൽകിയിട്ടുണ്ടായിരുന്നില്ല. എന്നാൽ അപകടം ഉണ്ടായതിനുശേഷം രാവിലെ ആറുമണിയോടുകൂടിയാണ് റെഡ് അലർട്ട് ഈ പ്രദേശത്ത് മുന്നറിയിപ്പായി നൽകുന്നത്.ജൂലൈ 23 മുതൽ ജൂലൈ 28 വരെ ഓരോ ദിവസവും കേന്ദ്ര കാലാവസ്ഥ വകുപ്പ് കേരളത്തിന് നൽകിയ മഴ മുന്നറിയിപ്പ് പരിശോധിച്ചാൽ അതിൽ ഒരു ദിവസം പോലും അതിശക്തമായ മഴ സാധ്യതയായ ഓറഞ്ച് അലേർട് പോലും നൽകിയിട്ടില്ല എന്നതാണ് വസ്തുത. ജൂലായ് 29 ന് ഉച്ചക്ക് ഒരു മണിക്ക് നൽകിയ മുന്നറിയിപ്പിൽ പോലും വയനാട് ജില്ലക്ക് ഓറഞ്ച് അലേർട് മാത്രമാണ് നൽകിയത്. വയനാട്ടിൽ ഉരുൾപൊട്ടൽ നടന്നതിന് ശേഷം ജൂലൈ 30 ന് അതിരാവിലെ 6 മണിക്ക് മാത്രമാണ് വയനാട്ടിൽ അതിതീവ്ര മഴക്കുള്ള സാധ്യതയും റെഡ് അലേർട്ടും പ്രഖ്യാപിക്കുന്നത്. ജിയോളജിക്കൽ സർവേ ഓഫ് ഇന്ത്യ വയനാട്ടിൽ ലാൻഡ് സ്ലൈഡ് വാണിങ് സിസ്റ്റത്തിനായി സംവിധാനം സ്ഥാപിച്ചിട്ടുണ്ട്. ഇതേ ദിവസം ജിയോളജിക്കൽ സർവ്വേ ഓഫ് ഇന്ത്യ ഉച്ചക്ക് 2 മണിക്ക് നല്കിയ മണ്ണിടിച്ചിൽ/ഉരുൾ പൊട്ടൽ സംബന്ധിച്ച വയനാട് ജില്ലയ്ക്കുള്ള 30ആം തീയതിക്കും 31ആം തീയതിക്കും ഉള്ള മുന്നറിയിപ്പിൽ പച്ച അലേർട്ട് ആണ് നല്കിയിട്ടുള്ളത്. പച്ച എന്ന ചെറിയ മണ്ണിടിച്ചിൽ/ഉരുൾ പൊട്ടൽ ഉണ്ടാകുവാൻ ഉള്ള സാധ്യത എന്നാണ് അർത്ഥം. എന്നാൽ അപ്പോഴേക്കും അതിതീവ്ര മഴ ലഭിക്കുകയും അപകടം സംഭവിക്കുകയും ചെയ്ത് കഴിഞ്ഞിരുന്നു.

കേന്ദ്ര ജലകമ്മീഷൻ ആണ് പ്രളയമുന്നറിയിപ്പ് നൽകാൻ ഉത്തരവാദിത്വപ്പെട്ട സ്ഥാപനം. എന്നാൽ ജൂലൈ 23 മുതൽ 29 വരെയുള്ള ഒരു ദിവസം പോലും കേന്ദ്ര ജലകമ്മീഷൻ ഇരുവഴിഞ്ഞി പുഴയിലോ ചാലിയാറിലോ പ്രളയമുന്നറിയിപ്പ് പുറപ്പെടുവിച്ചിട്ടില്ല. കേരളം മുൻകൂട്ടി ആവശ്യപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ മഴക്കാലം തുടങ്ങുമ്പോൾ തന്നെ എൻ ഡി ആർ എഫ് സംഘത്തെ ലഭ്യമാക്കിയിരുന്നു. 9 എൻ.ഡി.ആർ.എഫ് സംഘം വേണമെന്ന ആവശ്യമാണ് കേരളം ഉന്നയിച്ചത്. വയനാട് ജില്ലയിൽ ഇതിൽ ഒരു സംഘത്തെ സർക്കാർ മുൻകൂറായി തന്നെ വിന്യസിക്കുകയും ചെയ്തിരുന്നു.കാലാവസ്ഥാ വ്യതിയാനത്തിന്റെ ഭാഗമായി വന്ന മാറ്റങ്ങളുണ്ട്. ആ മാറ്റങ്ങൾ പൂർണമായി ഉൾക്കൊള്ളാനും പ്രതിരോധിക്കാനുമുള്ള നടപടികളിലേക്ക് നമ്മൾ കടക്കണം. ഇങ്ങനെയെല്ലാം പ്രശ്നം ഉണ്ടാകുമ്പോൾ ആരുടെയെങ്കിലും പെടലിക്കിട്ട് അതിന്റെ ഉത്തരവാദിത്തം ഞങ്ങൾക്കല്ല എന്നു പറഞ്ഞ് ഒഴിഞ്ഞു മാറിയത് കൊണ്ട് കാര്യങ്ങളിൽ നിന്ന് രക്ഷപ്പെടാൻ കഴിയുമോ? കേന്ദ്ര ഗവൺമെൻറും ഇക്കാര്യം ഗൗരവമായി ആലോചിക്കണമെന്നും മുഖ്യമന്ത്രി പറഞ്ഞു.

# ഉരുൾപൊട്ടൽ:റീട്ടെയിൽ സ്റ്റോറുകൾ ദുരിതാശ്വാസ ശേഖരണ കേന്ദ്രങ്ങളാക്കി എയർടെൽ

**കോഴിക്കോട്:** വയനാട്ടിലെ ഉരുൾപൊട്ടലിൽ ദുരിതമനുഭവിക്കുന്ന ജനങ്ങൾക്ക് സഹായങ്ങൾ പ്രഖ്യാപിച്ച് എയർടെൽ. ദുരിതത്തിൽപെട്ട അവിടുത്തെ നാട്ടുകാർക്ക് സഹായമെത്തിക്കാൻ, എയർടെൽ കേരളത്തിലെ 52 റീട്ടെയിൽ സ്റ്റോറുകളും ദുരിതാശ്വാസ ശേഖരണ കേന്ദ്രങ്ങളാക്കി മാറ്റി. അവിടെ ലഭിക്കുന്ന ദുരിതാശ്വാസ സാമഗ്രികൾ വയനാട്ടിലെ ദുരിതബാധിതർക്ക് അയയ്ക്കുവാനായി പ്രാദേശിക ഭരണകൂടത്തിന് കൈമാറും. കൂടാതെ, ബന്ധപെട്ടവരെയും സഹായത്തിനും വിളിക്കുവാൻ കാലാവധി കഴിഞ്ഞതും റീചാർജ് ചെയ്യാൻ കഴിയാത്തതുമായ ഉപഭോക്താക്കൾക്ക് പ്രതിദിനം 1 ജിബി സൗജന്യ മൊബൈൽ ഡാറ്റയും അൺലിമിറ്റഡ് കോളിംഗും പ്രതിദിനം 100 എസ്എംഎസും നൽകും. ഇത് 3 ദിവസത്തേക്ക് സാധുവായിരിക്കും. പോസ്റ്റ്പെയ്ഡ് ഉപഭോക്താക്കൾക്ക് മൊബൈൽ സേവനങ്ങൾ തടസ്സമില്ലാതെ ലഭിക്കുന്നതിന് എല്ലാ പോസ്റ്റ്പെയ്ഡ് ഉപഭോക്താക്കൾക്കും ബിൽ പേയ്മെന്റ് തീയതികൾ 30 ദിവസത്തേക്ക് നീട്ടിയതായും എയർടെൽ പ്രഖ്യാപിച്ചു.

# നിയുക്തി മെഗാ ജോബ് ഫെയർ

**കൊച്ചി:** നാഷണൽ എംപ്ലോമെന്റ് സർവീസ് (കേരളം) വകുപ്പിന്റെ എറണാകുളം, തൃശൂർ, കോട്ടയം, ഇടുക്കി ജില്ലകൾ ഉൾപ്പെട്ട എറണാകുളം മേഖലയിലെ മെഗാ ജോബ് ഫെയർ ' നിയുക്തി എറണാകുളം ജില്ലാ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിന്റെ ആഭിമുഖ്യത്തിൽ കൊച്ചിൻ യൂണിവേഴ്സിറ്റി ഓഫ് സയൻസ് ആന്റ് മെക്നോളജിയുടെ സഹകരണത്തോടെ ആഗസ്റ്റ 31 ന് കുസാറ്റ് കാമ്പസിൽ സംഘടിപ്പിക്കുന്നു. 1845 പ്രായപരിധിയിലുള്ള എസ്. എസ്.എൽ.സി, പ്ലസ് ടു, ഡിഗ്രി പി.ജി. ഐ.ടി.ഐ. ഡിപ്ലോമ, ബി.ടെക്ക്, പാരാമെഡിക്കൽ തുടങ്ങിയ യോഗ്യതയുള്ള ഉദ്യോഗാർത്ഥികൾക്ക് പങ്കെടുക്കാം. സ്വകാര്യ മേഖലയിൽ നിന്നും ഐ.റ്റി. ടെക്നിക്കൽ, സെയിൽസ്, ആട്ടോമൊബൈൽസ്, ഹോട്ടൽ മാനേജ്മെന്റ്റ്, അഡ്വെർടൈസിംഗ്. സൂപ്പർ സ്പെഷ്യാലിറ്റി ഹോസ്പിറ്റലുകൾ, പ്രമുഖ റീട്ടേയിലേഴ്സ് തുടങ്ങിയ വിഭാഗങ്ങളിലേക്കായി നൂറിൽപരം പ്രമുഖ ഉദ്യോഗദായകർ പങ്കെടുക്കുന്ന തൊഴിൽമേളയിൽ അയ്യായിരത്തിലധികം ഒഴിവുകളിലേക്ക് ഉദ്യോഗാർത്ഥികളെ തെരഞ്ഞെടുക്കുന്നു. വിവിധ യോഗ്യതകളുള്ള ഉദ്യോഗാർത്ഥികൾക്കായി കേരള സർക്കാർ നാഷണൽ എംപ്ലോയ്മെന്റ് സർവീസ് വകുപ്പ് മുഖേന സൗജന്യമായി ഒരുക്കുന്ന അവസരം പ്രയോജനപ്പെടുത്തുന്നതിന് എംപ്ലോയ്മെന്റ് വകുപ്പിന്റെ ൦൦൦.ഷീയ ഉലഖെ.സല്യമഹമ.ഴീ.ശി വെബ്സൈറ്റിൽ രജിസ്റ്റർ ചെയ്ത് അഡ്മിറ്റ് കാർഡ് ഡൗൺലോഡ് ചെയ്യേതാണ്. കൂടുതൽ വിവരങ്ങൾക്ക് എറണാകുളം, തൃശൂർ, കോട്ടയം, ഇടുക്കി ജില്ലകളിലുള്ള ഏതെങ്കിലും എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിലോ 04842422452, 0484 2422458, 9446025780, 8301040684 എന്നീ ഫോൺ നമ്പറുകളിലോ ബന്ധപ്പെടാം.

# താത്കാലിക നിയമനം

**കൊച്ചി:** എറണാകുളം സർക്കാർ മെഡിക്കൽ കോളേജ് ആശുപത്രിയിൽ മെഡിസെപ് പദ്ധതിക്ക് കീഴിൽ ഒരു സീത്ത്യം ടെക്നീഷ്യൻ തസ്തികയിലേക്ക് ദിവസവേതന അടിസ്ഥാനത്തിൽ ആറ് മാസ കാലയളവിലേക്ക് താത്കാലിക നിയമനം നടത്തുന്നു. യോഗ്യത പ്രീഡിഗ്രി/പ്ലസ് ടു അല്ലെങ്കിൽ സയൻസ് വിഷയത്തോടുകൂടിയ തത്തുല്യ കോഴ്സ്, കേരളത്തിലെ മെഡിക്കൽ കോളേജുകളിൽ നിന്ന് റേഡിയോളജിക്കൽ ടെക്നോളജിയിൽ ഡിപ്ലോമ (ര് വർഷത്തെ കോഴ്സ്) അല്ലെങ്കിൽ തത്തുല്യം, കേരള പാരാ മെഡിക്കൽ കൗൺസിൽ രജിസ്ട്രേഷൻ. പ്രായപരിധി 2024 ജനുവരി ഒന്നിന് 1836. താത്പര്യമുള്ളവർ വയസ്, യോഗ്യത, പ്രവൃത്തി പരിചയം തെളിയിക്കുന്ന അസൽ സർട്ടിഫിക്കറ്റുകൾ സഹിതം ആഗസ്ത് അഞ്ചിന് (തിങ്കളാഴ്ച) എറണാകുളം സർക്കാർ മെഡിക്കൽ കോളേജ് ആശുപത്രി സൂപ്രിന്റെ കാര്യാലയത്തിൽ രാവിലെ 11:30ന് എഴുത്ത് പരീക്ഷയിലും അഭിമുഖത്തിലും പങ്കെടുക്കണം. രജിസ്ട്രേഷൻ അന്നേ ദിവസം രാവിലെ 10:30 മുതൽ 11:00 വരെ മാത്രമായിരിക്കും.

# സീനിയർ റസിഡന്റ് താത്കാലിക നിയമനം

**കൊച്ചി:** എറണാകുളം സർക്കാർ മെഡിക്കൽ കോളേജ് ആശുപത്രിയിൽ ജനറൽ സർജറി വിഭാഗത്തിൽ സീനിയർ റസിഡന്റ് തസ്തികയിലേക്ക് കരാർ അടിസ്ഥാനത്തിൽ താത്കാലിക നിയമനം നടത്തുന്നു. മെഡിസെപ് പദ്ധതിക്ക് കീഴിൽ ആറ് മാസത്തെ കരാർ അടിസ്ഥാനത്തിലാണ് നിയമനം. യോഗ്യത അംഗീകൃത സർവകലാശാലയിൽ നിന്നുള്ള എംഡി/എംഎസ് മെഡിക്കൽ ബിരുദാനന്തര ബിരുദം അല്ലെങ്കിൽ ബന്ധപ്പെട്ട വിഷയത്തിൽ ഡിഎൻ ബി, സ്ഥിരം രജിസ്ട്രേഷൻ. പ്രായപരിധി 2024 ജനുവരി ഒന്നിന് 2149. താത്പര്യമുള്ളവർ വയസ്, യോഗ്യത, പ്രവൃത്തിപരിചയം എന്നിവ തെളിയിക്കുന്ന അസൽ സർട്ടിഫിക്കറ്റുകൾ സഹിതം ആഗസ്ത് ഏഴിന് (ബുധനാഴ്ച) എറണാകുളം സർക്കാർ മെഡിക്കൽ കോളേജ് ആശുപത്രി സൂപ്രിന്റെ കാര്യാലയത്തിൽ രാവിലെ 12:30 ന് നടക്കുന്ന അഭിമുഖത്തിൽ പങ്കെടുക്കണം. രജിസ്ട്രേഷൻ അന്നേ ദിവസം രാവിലെ 10:30 മുതൽ 11:00 വരെ മാത്രമായിരിക്കും

# കെൽട്രോണിൽ ജേണലിസം പഠനം അപേക്ഷ ക്ഷണിച്ചു

**കൊച്ചി;** പൊതുമേഖലാ സ്ഥാപനമായ കെൽട്രോണിന്റെ പോസ്റ്റ് ഗ്രാജുവേറ്റ് ഡിപ്ലോമ ഇൻ ജേണലിസത്തിൽ 2024 25 ലെ പുതിയ ബാച്ചിലേക്ക് അപേക്ഷ ക്ഷണിച്ചു. ഓഗസ്റ്റ 12 വരെ അപേക്ഷിക്കാം. തിരുവനന്തപുരം കെൽട്രോൺ നോളജ് സെന്റ്ററിലേക്കാണ് അപേക്ഷ ക്ഷണിച്ചിട്ടുള്ളത് പത്രം, ടെലിവിഷൻ, സോഷ്യൽ മീഡിയ, ആർട്ടിഫിഷ്യൽ ഇന്റലിജിൻസ് എന്നിവയിൽ അധിഷ്ഠിതമായ ജേർണലിസം, മൊബൈൽ ജേർണലിസം, ആങ്കറിങ്, ന്യൂസ് ക്യാമറ, വീഡിയോ എഡിറ്റിംഗ് തുടങ്ങിവയിൽ പരിശീലനം ലഭിക്കും. പഠനത്തോടൊപ്പം മാധ്യമ സ്ഥാപനങ്ങളിൽ നിബന്ധനകൾക്ക് വിധേയമായി ഇഘ്റേൺഷിപ്പ് ചെയ്യുവാൻ അവസരം ലഭിക്കും. കൂടാതെ വിജയകരമായി പരിശീലനം പൂർത്തിയാക്കുന്ന വിദ്യാർത്ഥികൾക്ക് പ്ലേസ്മെന്റ് അസിസ്റ്റൻസും നൽകും. ഫോൺ 954495 8182. വിലാസം: കെൽട്രോൺ നോളേജ് സെന്റ്റർ, രാം നില, ചെമ്പിക്കളം ബിൽഡിങ്ങ്, ബേക്കറി ജംഗ്ഷൻ, വഴുതക്കാട്, തിരുവനന്തപുരം, 695 014.

# മിൽമ സൈലേജ് തീറ്റ നൽകും

**കൊച്ചി:** മിൽമ എറണാകുളം മേഖലാ യൂണിയൻറെ പ്രവർത്തന പരിധിയിൽ വരുന്ന തൃശ്ശൂർ, എറണാകുളം, കോട്ടയം, ഇടുക്കി ജില്ലകളിലെ പ്രാഥമിക ക്ഷീരസംഘങ്ങളിൽ പാലളക്കുന്ന കർഷകർക്ക് സബ്സിഡി നിരക്കിൽ സൈലേജ് തീറ്റ വിതരണം ചെയ്യുന്നു. ഗുണനിലവാരമുള്ള ചോളം ചെറുതായി അരിഞ്ഞു കംപ്രസ് ചെയ്ത് രാസപദാർത്ഥങ്ങളൊന്നും ചേർക്കാതെ തയ്യാറാക്കുന്ന സൈലേജ് 50 കിലോ വീതമുള്ള ബെയിൽ പാക്കറ്റുകളിലാക്കിയാണ് നൽകുന്നത്.ഇതിനു പുറമെ 202223 സാമ്പത്തിക വർഷത്തെ അറ്റാദായത്തിൽ നിന്നും ലാഭവിഹിതമായി അംഗങ്ങൾക്ക് മേഖലായൂണിയനിലുള്ള ഓഹരിയുടെ മൂന്ന് ശതമാനം കഴിഞ്ഞ മാസത്തെ പാ വിലയോടൊപ്പം ന കിയിട്ടുണ്ടെന്ന് ചെയർമാൻ എം ടി ജയൻ അറിയിച്ചു.പ്രാഥമിക ക്ഷീരസംഘത്തിൽ സംഭരിക്കുന്ന പാലിൻറെ 40 ശതമാനത്തിന് മുകളിൽ മേഖലാ യൂണിയന് നൽകുന്ന ക്ഷീരസംഘങ്ങൾക്ക് കിലോഗ്രാമിന് രണ്ട് രൂപ സബ്സിഡി നൽകും. ഈ സൈലേജ് ആവശ്യനുസരണം സംഘങ്ങളിൽ എത്തിച്ച് നൽകുമന്ന്ചെയർമാൻ അറിയിച്ചു.എറണാകുളം 6.82 രൂപ, തൃശ്ശൂർ 6.72 രൂപ, കോട്ടയം 6.92 രൂപ, ഇടുക്കി 7.07 രൂപ എന്നിങ്ങനെയാണ് സബ്സിഡി നൽകിയതിനു ശേഷമുള്ള സൈലേജ് ഒരു കിലോഗ്രാമിൻറെ നിരക്ക്. സബ്സിഡി ഇല്ലാതെയും കർഷകർക്ക് ആവശ്യാനുസരണം സൈലേജ് വിതരണം ചെയ്യുന്നതായിരിക്കും. ക്ഷീരമേഖലയിലെ ഫാം കർഷകരെ പ്രോത്സാഹിപ്പിക്കുന്നതിനായി പ്രതിദിനം 40 ലിറ്റർ പാൽ സംഘത്തിൽ അളക്കുന്ന കർഷകർക്ക് നിശ്ചിത ചാർട്ട് വിലയേക്കാൾ 50 പൈസ കൂടി അധികവിലയായി നൽകുമെന്നും എം ടി ജയൻ അറിയിച്ചു.

# വയനാട് ദുരന്ത മേഖലയിൽ റിലയൻസ് ജിയോ നെറ്റ്‌വർക്ക് ശേഷി വർധിപ്പിച്ചു

**കൊച്ചി:** വയനാട്, കേരളം വയനാട്ടിൽ മണ്ണിടിച്ചിൽ മേഖലയിലെ നെറ്റ്‌വർക്ക് ട്രാഫിക്കിലെ വർദ്ധനവ് കണക്കിലെടുത്ത് റിലയൻസ് ജിയോ അതിന്റെ നെറ്റ്‌വർക്ക് ശേഷി വർദ്ധിപ്പിച്ചു. സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റിയിൽ നിന്നുള്ള അഭ്യർത്ഥനയുടെ അടിസ്ഥാനത്തിലും ഈ സമയത്ത് കണക്റ്റിവിറ്റിയുടെ നിർണായക ആവശ്യവും കണക്കിലെടുത്താണ് ബാധിത പ്രദേശത്ത് അടിയന്തരമായി ജിയോ പുതിയതായി ഒരു ടവർ കൂടി സ്ഥാപിച്ചത്. നെറ്റ്‌വർക്ക് കപ്പാസിറ്റിയിലും കവറേജിലുമുള്ള വർദ്ധനവ് ദുരിതമനുഭവിക്കുന്ന പ്രദേശവാസികളെയും രക്ഷാപ്രവർത്തകരെയും ദുരന്ത നിവാരണ സംഘങ്ങളെയും സഹായിക്കും. ചൂരൽമലയിലെ കൺട്രോൾ റൂം നമ്പർ 8848307818.

# വയനാട്ടിലെ ദുരിതബാധിതർക്ക് സഹൃദയയുടെ കൈത്താങ്ങ്



**കൊച്ചി:** പ്രകൃതി ദുരന്തത്തിൽ വിറങ്ങലിച്ച് നിൽക്കുന്ന വയനാട്ടിലെ ദുരിതബാധിതർക്കായി എറണാകുളം അങ്കമാലി അതിരൂപതാ സാമൂഹ്യ പ്രവർത്തന വിഭാഗമായ സഹൃദയയുടെ നേതൃത്വത്തിൽ സമാഹരിച്ച ഭക്ഷ്യവസ്തുക്കൾ, വസ്ത്രങ്ങൾ നിത്യോപയോഗ സാമഗ്രികൾ എന്നിവയുമായി ആദ്യ വാഹനം പുറപ്പെട്ടു. വിവിധ ഇടവകകളിലും സ്ഥാപനങ്ങളിലും നിന്ന് സമാഹരിച്ച 10 ടൺ സാമഗ്രികളാണ് വാഹനത്തിലുള്ളത്. പൊന്നുരുന്നി സഹൃദയ അങ്കണത്തിൽ നിന്ന് പുറപ്പെട്ട വാഹനത്തെ യാത്രയാക്കാൻ അതിരൂപതാ വികാരി ജനറാൾ ഫാ. വർഗീസ് പൊട്ടയ്ക്കൽ, സഹൃദയ ഡയറക്ടർ ഫാ. ജോസ് കൊളുത്തു വെള്ളിൽ, അസി. ഡയറക്ടർ ഫാ. സിബിൻ മനയംപിള്ളി എന്നിവർ സന്നിഹിതരായിരുന്നു.

# സ്റ്റാർ ഹെൽത്ത് ഇൻഷുറൻസ്: റിട്ടൺ പ്രീമിയത്തിൽ 18 ശതമാനം വളർച്ച

**കൊച്ചി:** ഹെൽത്ത് ഇൻഷുറൻസ് കമ്പനിയായ സ്റ്റാർ ഹെൽത്ത് ആൻറ് അലൈഡ് ഇൻഷുറൻസ് കമ്പനിയുടെ നടപ്പു സാമ്പത്തിക വർഷത്തിൻറെ ആദ്യ ത്രൈമാസത്തിലെ ആകെ റിട്ടൺ പ്രീമിയം മുൻ വർഷം ഇതേ കാലയളവിലെ 2949 കോടി രൂപയിൽ നിന്ന് 18 ശതമാനം വർധനവോടെ 3476 കോടി രൂപയിലെത്തി. കമ്പനിയുടെ അറ്റാദായം വാർഷികാടിസ്ഥാനത്തിൽ 11 ശതമാനം വർധനവോടെ 319 കോടി രൂപയിലും എത്തിയിട്ടുണ്ട്. മികച്ച അണ്ടർ റൈറ്റിങ്, വിപുലമായ ഏജൻറ് ശൃംഖല, ശക്തമായ ബാങ്കഷ്വറൻസ് സഹകരണങ്ങൾ, പുതുമയുള്ള ഡിജിറ്റൽ ചാനലുകൾ, ഹോം ഹെൽത്ത് കെയർ അണ്ടർസ്കോർ പോലുള്ള പുതിയ നീക്കങ്ങൾ തുടങ്ങിയവ വഴി ഇന്ത്യയിലുടനീളം മികച്ച ആരോഗ്യ സേവനങ്ങൾ ലഭ്യമാക്കാനുള്ള തങ്ങളുടെ പ്രതിബദ്ധതയാണ് ഇവിടെ ദൃശ്യമാകുന്നതെന്ന് സ്റ്റാർ ഹെൽത്ത് ഇൻഷുറൻസ് മാനേജിങ് ഡയറക്ടറും സിഇഒയുമായ ആനന്ദ് റോയ് പറഞ്ഞു. ഉപഭോക്തൃ കേന്ദ്രീകൃതമായതും പുതുമയുള്ളതുമായ തങ്ങളുടെ നീക്കങ്ങൾ സമഗ്രവും സവിശേഷമായതുമായ സേവനങ്ങൾ ലഭ്യമാക്കാൻ സഹായകമായിട്ടുണ്ട്. ചെറുകിടഇടത്തരം പട്ടണങ്ങളിലേക്ക് ഈ നീക്കങ്ങളുടെ നേട്ടങ്ങൾ എത്തിക്കാനുള്ള തങ്ങളുടെ ശ്രമം തുടരുമെന്നും അദ്ദേഹം കൂട്ടിച്ചേർത്തു. ആരോഗ്യ ഇൻഷുറൻസ് മേഖല പ്രത്യേകമായുള്ള വിഭാഗത്തിൽ സ്റ്റാർ ഹെൽത്ത് ഇൻഷുറൻസിന് 42 ശതമാനം വിപണി വിഹിതമാണുള്ളത്. ജനറൽ ഇൻഷുറൻസ് കമ്പനികളുടെ മൊത്തത്തിലുള്ള കാര്യത്തിൽ 4.8 ശതമാനം വിപണി വിഹിതവുമുണ്ട്.

# ജസ്റ്റീസ് ബാലകൃഷ്ണൻ കമ്മീഷൻ തെളിവെടുപ്പ് ഇന്ന്

കൊച്ചി: പട്ടികജാതി വിഭാഗ വിഷയങ്ങളുമായി ബന്ധപ്പെട്ട് ജസ്റ്റീസ് കെ.ജി ബാലകൃഷ്ണൻ കമ്മീഷൻ ഇന്ന് (ആഗസ്റ്റ് 1) രാവിലെ 11 ന് കാക്കനാട് കളക്ടറേറ്റ് കോൺഫറൻസ് ഹാളിൽ തെളിവെടുപ്പ് നടത്തും. കമ്മീഷൻ ചെയർപേഴ്സൺ ജസ്റ്റീസ് കെ.ജി. ബാലകൃഷ്ണൻ (മുൻ ചീഫ് ജസ്റ്റീസ് ഓഫ് ഇന്ത്യ) കൂടാതെ അംഗങ്ങളായ രവീന്ദർ കുമാർ ജെയ്ൻ, പ്രൊഫ. സുഷമ യാദവ് എന്നിവരും പങ്കെടുക്കും. പൊതുജനങ്ങൾക്ക് നേരിട്ട് നിവേദനങ്ങൾ രാവിലെ 10 മുതൽ സമർപ്പിക്കാം.



സൊസൈറ്റി ടുഡേ
SOCIETY TODAY



ആർ ഗോപകുമാർ, എം ഷജിൽകുമാർ, അഷറഫ് തൈവളപ്പ്

# എറണാകുളം പ്രസ് ക്ലബ്ബ്: ആർ ഗോപകുമാർ പ്രസിഡന്റ്, എം ഷജിൽകുമാർ സെക്രട്ടറി

**കൊച്ചി:** കേരള പത്രപ്രവർത്തക യൂണിയൻ എറണാകുളം ജില്ലാ കമ്മിറ്റിയുടെയും എറണാകുളം പ്രസ് ക്ലബ്ബിന്റെയും പുതിയ പ്രസിഡന്റായി ആർ ഗോപകുമാർ (ജനയുഗം),ജനറൽ സെക്രട്ടറിയായി എം ഷജിൽകുമാർ (മലയാള മനോരമ), ട്രഷറർ ആയി അഷറഫ് തൈവളപ്പ് (ചന്ദ്രിക) എന്നിവരെ തിരഞ്ഞെടുത്തു.

പ്രദീപ് (റിപ്പോർട്ടർ ടിവി), സ്മിത എൻ.കെ (ഡെക്കാൺ ക്രോണിക്കിൾ) എന്നിവരെ വൈസ് പ്രസിഡന്റുമാരായും റോമേഷ് എസ് (ദീപിക), ഷബ്ന സിയാദ് (ന്യൂസ് മലയാളം 24 ፡ 7) എന്നിവരെ ജോ.സെക്രട്ടറിമാരായു തിരഞ്ഞെടുത്തു.പ്രകാശ് എളമക്കര(കലാകൗമുദി), ടോമി മാത്യു (സൊസൈറ്റി ടുഡേ), ജിഷ പി.ഒ (വൺ ഇന്ത്യ മലയാളം), ജിതേഷ് ടി.ആർ (ദി ഫോർത്ത്), സർവമദനൻ (24 ന്യൂസ്), ലിജോ എം.ജി (ധനം), ജെബി പോൾ (മംഗളം), ശ്രീകാന്ത് മണിമല(ജന്മഭൂമി) എന്നിവരാണ് നിർവാഹക സമിതി അംഗങ്ങൾ.

ജില്ലാ വരണാധികാരി എം.സൂഫി മുഹമ്മദും സഹവരണാധികാരികളായ ആർ.ആർ. ജയറാമും ഷാജി ടി.ബിയും തെരഞ്ഞെടുപ്പ് പ്രക്രിയ നിയന്ത്രിച്ചു.

# നിജാസ് ജ്യുവൽ ഡെപ്യൂട്ടി ഡയറക്ടർ



**കൊച്ചി:** ഇൻഫർമേഷൻ ആന്റ് പബ്ളിക് റിലേഷൻസ് വകുപ്പിന്റെ എറണാകുളം, ആലപ്പുഴ ജില്ലകളുടെ ചുമതലയുള്ള മേഖല ഡെപ്യൂട്ടി ഡയറക്ടറായി നിജാസ് ജ്യുവൽ ചുമതലയേറ്റു. കണ്ണൂർ മേഖല ഡപ്യൂട്ടി ഡയറക്ടർ, എറണാകുളം, തൃശൂർ ജില്ലാ ഇൻഫർമേഷൻ ഓഫീസർ എന്നീ നിലകളിലും പ്രവർത്തിച്ചിട്ടു്.

# കമ്പ്യൂട്ടർ കോഴ്സുകൾക്ക് അപേക്ഷിക്കാം



**കൊച്ചി:** സംസ്ഥാന സർക്കാർ നിയന്ത്രണത്തിലുള്ള എൽ ബി എസ് സെന്റർ ഫോർ സയൻസ് ആൻഡ് ടെക്നോളജിയുടെ കളമശേരി മേഖല കേന്ദ്രത്തിലും കോതമംഗലം ഉപകേന്ദ്രത്തിലും ആഗസ്റ്റ് 21 ന് കേരള ഗവണ്മെന്റ് അംഗീകൃത പോസ്റ്റ് ഗ്രാജുവേറ്റ് ഡിപ്ലോമ ഇൻ കമ്പ്യൂട്ടർ ആപ്ലിക്കേഷൻ ( യോഗ്യത ഡിഗ്രി ), ഡിപ്ലോമ ഇൻ കംപ്യൂട്ടർ അപ്ലിക്കേഷൻ (യോഗ്യത എസ് എസ് എൽ സി), ഡിപ്ലോമ ഇൻ കംപ്യൂട്ടർ അപ്ലിക്കേഷൻ (സോഫ്റ്റ്വെയർ) (യോഗ്യത പ്ലസ് ടു), ഡിപ്ലോമ ഇൻ കംപ്യൂട്ടർ ഹാർഡ്വെയർ (യോഗ്യത എസ് എസ് എൽ സി), ഡിപ്ലോമ ഇൻ കമ്പ്യൂട്ടറൈസ്ഡ് ഫിനാൻഷ്യൽ അക്കൗിംഗ് വിത്ത് ടാലി ആൻഡ് ജിഎസ് ടി (യോഗ്യത പ്ലസ് ടു കോമേഴ്സ് ), ഡാറ്റ എൻട്രി ആൻഡ് ഓഫീസ് ഓട്ടോമേഷൻ (യോഗ്യത എസ് എസ് എൽ സി) കോഴ്സുകൾക്ക് ഓൺലൈനായി www.lbscetnre.kerala.gov.in വെബ്സൈറ്റ് വഴി അപേക്ഷ സമർപ്പിക്കാം. എസ്.സി/എസ്.ടി/ഒഇസി വിഭാഗക്കാർക്ക് നിയമാനുസൃത ഫീസാനുകുല്യം ഉായിരിക്കും. കൂടുതൽ വിവരങ്ങൾക്ക് കളമശ്ശേരി 7025310574, 0484 2541520 കോതമംഗലം 9496300172 നമ്പറുകളിൽ ബന്ധപെടുക.

# സിഎംഎഫ്ആർഐക്ക് ജനകീയ മുഖം നൽകി ഡോ എ ഗോപോലകൃഷ്ണൻ പടിയിറങ്ങി

**കൊച്ചി:** കേന്ദ്ര സമുദ്രമത്സ്യ ഗവേഷണ സ്ഥാപനത്തിന്റെ (സിഎംഎഫ്ആർഐ) ഡയറക്ടർ സ്ഥാനത്ത് നിന്നും ഡോ എ ഗോപാലകൃഷ്ണൻ വിരമിച്ചു. നീണ്ട 11 വർഷത്തെ കാലയളവിൽ സിഎംഎഫ്ആർഐക്ക് ജനകീയ മുഖം നൽകിയാണ് അദ്ദേഹം പടിയിറങ്ങിയത്. 2013 ജൂലൈ 31നാണ് സിഎംഎഫ്ആർഐ ഡയറക്ടറായി അദ്ധേഹം ചുമതലയേറ്റത്.സ്ത്രീകളെയും ട്രാൻസ്ജെൻഡറുകളെയും ശാക്തീകരിക്കുകയെന്ന ലക്ഷ്യത്തോടെ സമുദ്രമത്സ്യ ബന്ധനം, മത്സ്യകൃഷി, കൂടുകൃഷി, അലങ്കാരമത്സ്യ കൃഷി, കല്ലുമ്മക്കായ കൃഷി, കടൽപായൽ കൃഷി, വിപണനം തുടങ്ങി നിരവധി മേഖലകളിൽ സിഎംഎഫ്ആർഐ ഇവർക്ക് സംരംഭകത്വ പരിശീലനവും സാങ്കേതിക സഹായങ്ങളും നൽകി. ഇതിന്റെ ഫലമായി മത്സ്യമേഖലയിൽ നൂറുകണക്കിന് സ്ത്രീ സഹായക സംഘങ്ങൾ നിലവിൽ വന്നു. പട്ടികജാതി, പട്ടികവർഗ വിഭാഗങ്ങളെ മത്സ്യമേഖലയിൽ ചെറുസംരംഭകരാക്കുന്ന നിരവധി പദ്ധതികൾ നടപ്പിലാക്കി.മത്സ്യത്തൊഴിലാളികൾക്ക് അവരുടെ പ്രശ്നങ്ങൾ ബോധിപ്പിക്കാനും പരിഹാരം തേടാനും ഏത് സമയത്തും സിഎംഎഫ്ആർഐയെ സമീപിക്കാനുള്ള അവസരം സൃഷ്ടിച്ചു. കൃത്യമായ ഇടവേളകളിൽ ഗുണഭോക്തൃ ശിൽപശാലകളിൽ നടത്തി അവരുടെ പ്രശ്നങ്ങൾ മനസ്സിലാക്കാനും അവ പരിഹരിക്കുന്നതിനുള്ള പഠനങ്ങൾ നടത്താനും തയ്യാറായി.കടലിലെയും തീരപ്രദേശങ്ങളിലെയും കൂടുമത്സ്യകൃഷി കൂടുതൽ ജനകീയമാക്കുന്നതിനായി, വാണിജ്യപ്രാധാന്യമുള്ള 11 കടൽ മീനുകളുടെയും 18 അലങ്കാരമത്സ്യങ്ങളുടെയും കൃത്രിമ വിത്തുൽപാദന സാങ്കേതികവിദ്യ വികസിപ്പിക്കാനായി. ദേശീയ വിത്തുബാങ്ക് (ബ്രൂഡ്ബാങ്ക്) വഴി യുവാക്കളെ സംരംഭകരാക്കാനുള്ള അവസരം തുറന്നു.ഇന്ത്യൻ തീരങ്ങളിൽ നിന്ന് പിടിക്കുന്ന മീനുകളിൽ മുഖ്യപങ്കും അമിതചൂഷണത്തിന് വിധേയമാകുന്നില്ലെന്ന് തെളിയിക്കുന്ന സിഎംഎഫ്ആർഐയുടെ എം.എഫ്.എസ്.എസ്. 2022 പഠന റിപ്പോർട്ട് രാജ്യാന്തര ശ്രദ്ധ നേടി. മത്തിയുടെ ജനിതകഘടനയുടെ സമ്പൂർണ ശ്രേണീകരണം, സമുദ്രമത്സ്യ മേഖലയിൽ നിന്നുള്ള കാർബൺ വാതകങ്ങളുടെ ബഹിർഗമനത്തിന്റെ തോത് കണ്ടെത്തൽ, പുതിയ മീനുകളെ തിരിച്ചറിയൽ തുടങ്ങി നിരവധി ഗവേഷണ പഠനങ്ങൾ ശ്രദ്ധേയമായി. ചെറുമത്സ്യബന്ധന നിരോധനത്തിന് വഴിയൊരുക്കിയ എം എൽ എസ് നിയന്ത്രണം, സർക്കാറുകളുടെ നയരൂപീകരണത്തിനായി നടത്തിയ പഠനങ്ങൾ, പൊതുജനങ്ങളെയും വിദ്യാർത്ഥികളെയും സിഎംഎഫ്ആർഐയുടെ ഗവേഷണങ്ങളുടെ ഭാഗമാക്കൽ തുടങ്ങി നിരവധി പ്രവർത്തനങ്ങൾ അദ്ദഹത്തിന്റെ നേതൃത്തിൽ നടപ്പിലാക്കി.80 സ്ഥാപനങ്ങളുമായി ഗവേഷണ സഹകരണത്തിനുള്ള സഹകരണ കരാർ ഒപ്പുവെച്ചു. 45 കൺസൾട്ടൻസി പദ്ധതികൾ നടപ്പിലാക്കി. 140ലധികം ദേശീയ അന്തർദേശീയ പുരസ്കാരങ്ങൾ ലഭിച്ചു. 2019ൽ ഐസിഎആറിന് കീഴിലെ മികച്ച ഗവേഷണ സ്ഥാപനത്തിനുള്ള സർദാർ വല്ലഭായ് പട്ടേൽ അവാർഡ് സിഎംഎഫ്ആർക്കായിരുന്നു.



# വയനാടിന് വൈദ്യസഹായവുമായി അമൃത ആശുപത്രി

**കൊച്ചി :** ഉരുൾപൊട്ടലുായ വയനാട്ടിലെ ദുരന്തബാധിത പ്രദേശത്തേക്ക് രക്ഷാപ്രവർത്തനദൗത്യവുമായി കൊച്ചിയിലെ അമൃത ആശുപത്രിയും. വയനാട്ടിലേക്ക് പുറപ്പെടുന്ന അമൃതയുടെ അത്യാധുനിക സൗകര്യങ്ങളുള്ള ഡിസാസ്റ്റർ മാനേജ്മെന്റ് മെഡിക്കൽ യൂണിറ്റ് വാഹനത്തിന്റെ ഫ്ളാഗ് ഓഫ് മന്ത്രി പി. രാജീവ് നിർവ്വഹിച്ചു.ഹൃദയഭേദകമായ ദുരന്തമാണ് വയനാട്ടിൽ സംഭവിച്ചിരിക്കുന്നതെന്നും ഈ ഘട്ടത്തിൽ പല തലങ്ങളിലുള്ള സഹായങ്ങളും സേവനങ്ങളുമാണ് നാട് ആവശ്യപ്പെടുന്നതെന്നും പി. രാജീവ് പറഞ്ഞു. ദുരന്തഭൂമികളിൽ സഹായമെത്തിക്കാൻ കഴിയുന്ന രീതിയിൽ പ്രത്യേകമായി രൂപകല്പന ചെയ്തിട്ടുള്ള വാഹനമാണ് അമൃതയിൽനിന്ന് പുറപ്പെട്ടിട്ടുള്ളതെന്നും ഇതൊരു നല്ല ദൗത്യമാണെന്നും മന്ത്രി കൂട്ടിച്ചേർത്തു.



എറണാകുളം ഡി.എം.ഒ ഡോ. കെ. സവിത , നോഡൽ ഓഫീസർ ഡോ. ദയ പാസ്കൽ, ആർ.സി.എച്ച് ഓഫീസർ എം എസ് രശ്മി, ബ്രഹ്മചാരി ഡോ. ജഗ്ഗു, അഡീഷണൽ മെഡിക്കൽ സൂപ്രണ്ട് ഡോ. കെ. വി. ബീന, ജനറൽ മാനേജർ സി. വി. വിനായകൻ, സ്കൂൾ ഓഫ് മെഡിസിൻ പ്രിൻസിപ്പൽ ഡോ. ഗിരീഷ് കുമാർ എന്നിവർ സന്നിഹിതരായിരുന്നു.ഡോ. ജഗ്ഗു, ഡോ. ശ്രീകുമാർ എന്നിവരുടെ നേതൃത്വത്തിൽ ഡോക്ടർമാരും, ടെക്നീഷ്യൻമാരും, പാരാമെഡിക്കൽ സ്റ്റാഫുമടങ്ങുന്ന ഇരുപതംഗ സംഘമാണ് സർക്കാർ അനുമതിയോടു കൂടി വയനാട്ടിലേക്ക് പുറപ്പെട്ടത്.മരുന്നുകൾക്കു പുറമെ മിനി ഓപ്പറേഷൻ തിയേറ്റർ, എക്സ്റേ, അൾട്രാ സൗ്, എക്കോ, ഹൈ സ്പീഡ് ലാബ്, ടെലിമെഡിസിൻ തുടങ്ങിയ സംവിധാനങ്ങൾ വാഹനത്തിൽ സജ്ജമാണ്.ദുരന്തബാധിതപ്രദേശത്ത് കൽപറ്റയിലെ അമൃതകൃപ ചാരിറ്റബിൾ ആശുപത്രി നിലവിൽ വൈദ്യസഹായങ്ങൾ നൽകുന്നു്.ജമ്മു കാശ്മീർ, ഉത്തരാഖണ്ഡ്, ഗുജറാത്ത്, ആന്ധ്ര എന്നിവിടങ്ങളിലെ ദുരന്തമുഖങ്ങളിൽ പ്രവർത്തിച്ച വിദഗ്ധ മെഡിക്കൽ സംഘമാണ് വയനാട്ടിലേക്കും സഹായഹസ്തവുമായി എത്തുന്നത്.

സൊസൈറ്റി ടുഡേ
SOCIETY TODAY

# ഉജ്ജീവൻ എസ്എഫ്ബി ഒന്നാം പാദം: അറ്റാദായം 301 കോടി

**കൊച്ചി:** ഉജ്ജീവൻ സ്മോൾ ഫിനാൻസ് ബാങ്ക് (ഉജ്ജീവൻ എസ്എഫ്ബി) ഈ സാമ്പത്തിക വർഷത്തിന്റെ ഏപ്രിൽജൂൺ ത്രൈമാസത്തിൽ അറ്റാദായം 7 ശതമാനം ഇടിഞ്ഞ് 301 കോടി രൂപയായി. അതുമൂലം, 2024 സാമ്പത്തിക വർഷത്തിന്റെ നാലാം പാദ അറ്റാദായം 330 കോടി രൂപയിൽ നിന്ന് 9 ശതമാനം കുറഞ്ഞു. മുൻ പാദത്തിലെ 26 കോടി രൂപയിൽ നിന്ന് ഈ സാമ്പത്തിക വർഷത്തിലെ വ്യവസ്ഥകൾ ഒന്നാം പാദത്തിൽ 322 ശതമാനം വർധിച്ച് 110 കോടി രൂപയായി. ഉജ്ജീവൻ എസ്എഫ്ബിയുടെ അറ്റ പലിശ വരുമാനം (എൻഐഐ) വർഷം തോറും 19 ശതമാനം ഉയർന്ന് 941 കോടി രൂപയിലെത്തി, അതേസമയം അറ്റ പലിശ മാർജിൻ (എൻഐഎം) മുൻവർഷത്തെ കാലയളവിലെ 9.2 ശതമാനത്തിൽ നിന്ന് 9.3 ശതമാനമായി ഉയർന്നു.ബംഗളൂരു ആസ്ഥാനമായുള്ള എസ്എഫ്ബിയുടെ മൊത്തം ലോൺ ബുക്ക് 2024 ജൂൺ വരെ 30,069 കോടി രൂപയായിരുന്നു, 2023 ജൂണിലെ കണക്കനുസരിച്ച് 25,326 കോടി രൂപയേക്കാൾ 19 ശതമാനം കൂടുതലാണ്. മൊത്തത്തിലുള്ള ലോൺ ബുക്കിലെ സുരക്ഷിത വിഭാഗത്തിന്റെ വിഹിതം 31.3 ശതമാനമായി ഉയർന്നു. 2023 ജൂൺ വരെ 27 ശതമാനം ആയിരുന്നു. തുടർച്ചയായി, ഇത് 2024 മാർച്ചിൽ 30.2 ശതമാനത്തിലും ഉയർന്നു. നിക്ഷേപം മുൻ വർഷത്തേക്കാൾ 22 ശതമാനം വർധിച്ച് 32,514 കോടി രൂപയായി. ലോകോസ്റ്റ് കറന്റ് അക്കൗണ്ട് സേവിംഗ്സ് അക്കൗണ്ട് നിക്ഷേപം മുൻ വർഷത്തേക്കാൾ 27 ശതമാനം ഉയർന്ന് 8,334 കോടി രൂപയായി. മൊത്ത നിഷ്ക്രിയ ആസ്തി (ജിഎൻപിഎ) 2024 മാർച്ചിലെ 2.1 ശതമാനത്തിൽ നിന്ന് 2024 ജൂണിൽ 2.3 ശതമാനമായി കുറഞ്ഞു. ഓഗസ്റ്റ് അവസാനത്തോടെ യൂണിവേഴ്സൽ ബാങ്ക് ലൈസൻസിന് എ യു എസ്എഫ്ബി ആർബിഐക്ക് അപേക്ഷിക്കുമെന്ന് എയു സ്മോൾ ഫിനാൻസ് ബാങ്ക് മാനേജിംഗ് ഡയറക്ടർ സഞ്ജയ് അഗർവാൾ അറിയിച്ചു. റെഗുലർ അല്ലെങ്കിൽ യൂണിവേഴ്സൽ ബാങ്കുകളാകുന്നതിന് സ്മോൾ ഫിനാൻസ് ബാങ്കുകളിൽ നിന്ന് ആർബിഐ ഏപ്രിലിൽ അപേക്ഷ ക്ഷണിച്ചിരുന്നു.

# രോഹിത് ഷെട്ടി സ്നിക്കേഴ്സ് ബ്രാൻഡ് അംബാസഡർ




**കൊച്ചി:** ബോളിവുഡ് സംവിധായകനും നടനുമായ രോഹിത് ഷെട്ടി സ്നിക്കേഴ്സൻറെ പുതിയ ബ്രാൻഡ് അംബാസഡറായി മാർസ് റിഗ്ലി ഇന്ത്യ പ്രഖ്യാപിച്ചു. ഇതിന്റെ ഭാഗമായി, 'വിശക്കുമ്പോൾ നിങ്ങൾ നിങ്ങളല്ലാതാകും' എന്ന പുതിയ കാംപെയ്നിനും തുടക്കം കുറിച്ചു. രോഹിത് ഷെട്ടിയുടെ ഊർജ്ജസ്വലമായ വ്യക്തിത്വവും സ്വാധീനവും കാംപെയ്നിലൂടെ സ്നിക്കേഴ്സ് ബ്രാൻഡിന് ഊർജം പകരുന്നു. കാറുകളോടും ആക്ഷനോടുമുള്ള എൻറെ ഇഷ്ടം ഒരുമിച്ചുകാണിക്കുന്ന രീതിയിൽ സ്നിക്കേഴ്സൻറെ പുതിയ ബ്രാൻഡ് അംബാസഡറാകുന്നതിൽ അതിയായ സന്തോഷമുണ്ടെന്ന് രോഹിത് ഷെട്ടി പറഞ്ഞു.

# ടിസിഐ ക്യു ലാഭത്തിൽ 10% വർധനവ് രേഖപ്പെടുത്തി

**കൊച്ചി:** 2024 ജൂൺ 30ന് അവസാനിച്ച ത്രൈമാസത്തിൽ ലോജിസ്റ്റിക്സ് കമ്പനിയായ ടിസിഐ നികുതിക്ക് ശേഷമുള്ള ഏകീകൃത ലാഭം (പിഎടി) 10 ശതമാനം വർധിച്ച് 91.6 കോടി രൂപയായി. ട്രാൻസ്പോർട്ട് കോർപ്പറേഷൻ ഓഫ് ഇന്ത്യ (ടിസിഐ) ബിഎസ്ഇക്ക് നൽകിയ ഫയലിംഗിൽ പറഞ്ഞു. 2025 സാമ്പത്തിക വർഷത്തിന്റെ ആദ്യ പാദത്തിൽ ഞങ്ങൾ മികച്ച പ്രകടനമാണ് കാഴ്ചവെച്ചത്. വിവിധ ഇൻഡസ്ട്രി ലംബങ്ങളെ സേവിക്കുന്ന ഞങ്ങളുടെ എല്ലാ ഉൽപ്പന്ന സെഗ്മെന്റുകളും വളർന്നു, പ്രത്യേകിച്ച് തീരദേശ ഷിപ്പിംഗ്, റെയിൽ മൾട്ടിമോഡൽ സൊല്യൂഷനുകൾ, 3ജ്വല/വെയർഹൗസിംഗ്, കോൾഡ് ചെയിൻ ലോജിസ്റ്റിക്സ്. ഞങ്ങളുടെ ഉപഭോക്താക്കൾക്ക് മൂല്യവർദ്ധിതവും സാങ്കേതികമായി നൂതനവുമായ കസ്റ്റമൈസ്ഡ് ഓഫറുകൾ നൽകുന്നതിൽ ഞങ്ങളുടെ ശ്രദ്ധ തുടരുന്നുവെന്ന് മാനേജിംഗ് ഡയറക്ടർ വിനീത് അഗർവാൾ പറഞ്ഞു.

# ലഹരി ഉപയോഗം തടയാൻ ക്യാമ്പയിനുമായി സോണി സ്പോർട്സ്

**കൊച്ചി:** ഇന്ത്യൻ യുവാക്കൾക്കിടയിലെ മയക്കുമരുന്നിന്റെ ഉപയോഗം തടയാൻ ഇസ് ബാർ ഡ്രഗ്സ് കി ഹാർ എന്ന പേരിൽ പുതിയ ക്യാമ്പയിൻ അവതരിപ്പിച്ച്പ്രമുഖ സ്പോർട്സ് ബ്രോഡ്കാസ്റ്ററായ സോണി സ്പോർട്സ് നെറ്റ്വർക്ക്. യുവാക്കളെ പ്രചോദിപ്പിക്കുന്നതിനും, മയക്കുമരുന്നിന് അടിമപ്പെടുന്നതിന് പകരംസ്പോർട്സിലൂടെ ആരോഗ്യകരവും സംതൃപ്തവുമായ ജീവിതം നയിക്കുന്നതിന് ഊന്നൽ നൽകുന്നതിനുമാണ് ക്യാമ്പയിൻ ലക്ഷ്യമിടുന്നത്. ഐക്യരാഷ്ട്രസഭയുടെ പഠനമനുസരിച്ച് ഇന്ത്യയിൽ മയക്കുമരുന്ന് ദുരുപയോഗത്തിന് ഇരയായവരിൽ ഏകദേശം 13 ശതമാനവും 20 വയസിന് താഴെയുള്ളവരാണ്. കഴിഞ്ഞ എട്ട് വർഷത്തിനിടെ രാജ്യത്ത് മയക്കുമരുന്ന് ഉപഭോഗത്തിൽ 70 ശതമാനം വർധനവ് ഉണ്ടായിട്ടുണ്ടെന്നും പഠനങ്ങൾ പറയുന്നു.ഇന്ത്യൻ ക്രിക്കറ്റ് ടീം പരിശീലകൻ ഗൗതം ഗംഭീർ, സുനിൽ ഛേത്രി, ബൈച്ചുങ് ബൂട്ടിയ, ടെന്നിസ് താരം സാനിയ മിർസ, സൈന നെഹ്വാൾ, സ്മൃതി മന്ദാന, പി.ആർ ശ്രീജേഷ്, മൻപ്രീത് സിംഗ്, നിഖത് സരീൻ എന്നീ പ്രമുഖ കായികതാരങ്ങൾക്കൊപ്പം ഗുർപ്രീത് സിങ് സന്ധു, ആശിഷ് നെഹ്റ, ദീപക് ചാഹർ, സുമിത് നാഗൽ, അഞ്ജും മുദ്ഗിൽ, സവിത പുനിയ, ചിരാഗ് ഷെട്ടി, സാത്വിക് രങ്കിറെഡ്ഡി, പൂജ തോമർ, സ്നേഹ റാണ എന്നിവരും സോണി സ്പോർട്സ് നെറ്റ്വർക്കിന്റെ പുതിയ ക്യാമ്പയിനിന്റെ ഭാഗമാവും. യുവാക്കൾക്കിടയിൽ നല്ല മാറ്റമുണ്ടാക്കാൻ കൊണ്ടുവരാൻ കളിയുമെന്നും, ആ മാറ്റത്തിനുള്ള ശക്തി സ്പോർട്സിനുണ്ടെന്നും ഞങ്ങൾ ആത്മാർഥമായി വിശ്വസിക്കുന്നുവെന്ന് സോണി പിക്ചേഴ്സ് നെറ്റ്വർക്ക്സ് ഇന്ത്യയുടെ സ്പോർട്സ് ബിസിനസ് ഡിസ്ട്രിബ്യൂഷൻ ആൻഡ് ഇന്റർനാഷണൽ ബിസിനസ് ഹെഡും ചീഫ് റവന്യൂ ഓഫീസറുമായ രാജേഷ് കൗൾ പറഞ്ഞു.

# 263 കോടിയുടെ മാർബിൾ ഓർഡർ നേടി ഫിലാടെക്സ്

**കൊച്ചി:** ആഫ്രിക്കയിലേക്ക് 2.97 ലക്ഷം മെട്രിക് ടൺ വൈറ്റ് മാർബിൾ കയറ്റുമതിക്കൊരുങ്ങി ഹൈദരാബാദ് ആസ്ഥാനമായ ഫിലാടെക്സ് മൈൻസ് ആന്റ് മിനറൽസ് പ്രൈവറ്റ് ലിമിറ്റഡ്. 263 കോടി രൂപയുടെ (35 ദശലക്ഷം യുഎസ് ഡോളർ) കയറ്റുമതി ഓർഡറാണിത്. മുൻനിര കോട്ടൺ ഉൽപ്പന്ന നിർമ്മാതാക്കളായ ഫിലാടെക്സ് ഫാഷൻസ് ലിമിറ്റഡിന്റെ ഉപകമ്പനിയായ ഫിലാടെക്സ് മൈൻസ് ആന്റ് മിനറൽസിന് ലഭിക്കുന്ന ആദ്യ കയറ്റുമതി ഓർഡറാണിത്. ആഫ്രിക്കയിൽ 54 ആശുപത്രികൾ നിർമ്മിക്കാനൊരുങ്ങുന്ന ബ്ലൂംഫ്ളോ വെഞ്ചേഴ്സ് ലിമിറ്റഡിനു വേണ്ടിയാണ് വൈറ്റ് മാർബിൾ കയറ്റുമതി ചെയ്യുന്നത്. ഫിലാടെക്സ് ഫാഷൻസ് ലിമിറ്റഡിന്റെ പുതിയ സിഇഒയും അഡീഷനൽ ഡയറക്ടറുമായി സുനിർ അഗർവാളിനെ നിയമിക്കാനും തീരുമാനമായി.

# സൗഹൃദ ദിനത്തിൽ പ്രത്യേക ഓഫറുമായി വണ്ടർല

**കൊച്ചി:** ആഗസ്റ്റ് 4ന് സൗഹൃദ ദിനാഘോഷങ്ങളോടനുബന്ധിച്ച് കൊച്ചി വണ്ടർലയിൽ പ്രത്യേക ഓഫറുകളും പരിപാടികളും പ്രഖ്യാപിച്ചു. ഇതിന്റെ ഭാഗമായി, പ്രത്യേക 'ബൈ വൺ ഗെറ്റ് വൺ ഫ്രീ ടിക്കറ്റ്'(ഒന്നു വാങ്ങുമ്പോൾ ഒന്ന് സൗജന്യം) ഓഫർ പ്രഖ്യാപിച്ചു. ഈ ഓഫർ ഓൺലൈനിൽ മാത്രമേ ലഭ്യമാകൂ. പരിമിതമായ ടിക്കറ്റുകളാണ് ഉള്ളത്. സൗഹൃദദിനത്തിൽ, വണ്ടർലയുടെ എല്ലാ പാർക്കുകളും ഒരു മണിക്കൂർ അധിക സമയം പ്രവർത്തിക്കുന്നതുമാണ്.റൈഡുകൾക്കൊപ്പം ലൈവ് ഡി ജെ, സായാഹ്ന സുംബ സെഷനുകൾ, രസകരമായ ഗെയിമുകൾ, സമ്മാനങ്ങൾ എന്നിവയുൾപ്പെടെ ഒരുക്കി സൗഹൃദ ദിന ആഘോഷം ഏറെ മികവുറ്റതാക്കാനാണ് ശ്രമിക്കുന്നതെന്ന് വണ്ടർല ഹോളിഡേയ്സ് ലിമിറ്റഡ് മാനേജിംഗ് ഡയറക്ടർ അരുൺ കെ. ചിറ്റിലപ്പിള്ളി പറഞ്ഞു. ടിക്കറ്റുകൾ മുൻകൂട്ടി ബുക്ക് ചെയ്യാൻ https://bookings.wonderla.com/ സന്ദർശിക്കുക. പാർക്ക് കൗണ്ടറുകളിൽ നിന്ന് നേരിട്ടും പ്രവേശന ടിക്കറ്റുകൾ വാങ്ങാം. കൂടുതൽ വിവരങ്ങൾക്ക്: 04843514001 / 75938 53107.




# ഖാദി തുണിത്തരങ്ങൾക്ക് റിബേറ്റ്

**കൊച്ചി:** കേരള ഖാദി ഗ്രാമവ്യവസായ ബോർഡ് കർക്കിടക വാവ് പ്രമാണിച്ച് ഖാദി തുണിത്തരങ്ങൾക്ക് ആഗസ്റ്റ് 3 വരെ 20 ശതമാനം മുതൽ 30 ശതമാനം വരെ റിബേറ്റ് നൽകും. എറണാകുളം ജില്ലയിലെ ഖാദി ബോഡിന്റെ കീഴിലുള്ള അംഗീകൃത വില്പന ശാലകളായ ഖാദി ഗ്രാമസൗഭാഗ്യ കലൂർ, നോർത്ത് പറവൂർ, പെരുമ്പാവൂർ, കാക്കനാട്, കൂത്താട്ടുകുളം ഖാദി സൗഭാഗ്യ, മൂവ്വാറ്റുപുഴ, പായിപ്ര , പുക്കാട്ടുപടി ഗ്രാമ സൗഭാഗ്യ പഴന്തോട്ടം, മൂക്കന്നൂർ, ശ്രീമൂലനഗരം വില്പനശാലകളിൽ ആനുകൂല്യം ലഭിക്കും.

സൊസൈറ്റി ടുഡേ
SOCIETY TODAY

# ചിപ്പ് സമ്മിറ്റ് 2024 : സങ്കീർണ്ണ ആൻജിയോപ്ലാസ്റ്റി അന്താരാഷ്ട്ര സമ്മേളനം

**കൊച്ചി :** സങ്കീർണ്ണ ഹൃദ്രോഗങ്ങൾക്കുള്ള ആൻജിയോപ്ലാസ്റ്റി ശസ്ത്രക്രിയകൾ ചർച്ച ചെയ്യുന്ന അന്താരാഷ്ട്ര 'ചിപ്പ് ' സമ്മേളനം ആഗസ്റ്റ് 3, 4 തീയതികളിൽ കൊച്ചിയിലെ ഹോട്ടൽ ക്രൗൺ പ്ലാസയിൽ നടക്കും.രാജ്യത്തെ മുന്നൂറ്റമ്പതിലധികം വിദഗ്ദ്ധ കാർഡിയോളജിസ്റ്റുകൾ പങ്കെടുക്കും. യുണൈറ്റഡ് സ്റ്റേറ്റ്സ്, ജപ്പാൻ, യുഎഇ, സിങ്കപ്പൂർ എന്നിങ്ങനെ വിവിധ രാജ്യങ്ങളിൽ നിന്നുള്ള വിദഗ്ദ്ധർ ശാസ്ത്ര സെഷനുകൾക്ക് നേതൃത്വം നൽകും.ഓർഗനൈസിങ് ചെയർമാൻ ഡോ. അനിൽ കുമാർ ആർ, ഓർഗനൈസിങ്ങ് സെക്രട്ടറി ഡോ. അനിൽ ബാലചന്ദ്രൻ, ഡോ. രാജശേഖർ വർമ്മ, ഡോ. ദീപക് ഡേവിഡ്സൺ, ഡോ.സന്ദീപ് ആർ, ഡോ.സുനിൽ റോയ്, ഡോ.ജിമ്മി ജോർജ്, ഡോ.പ്രവീൺ ശ്രീകുമാർ, ഡോ.രാജീവ്. സി എന്നിവർ ഉദ്ഘാടന ചടങ്ങിൽ സംസാരിക്കും.ന്യൂയോർക്കിൽ നിന്നും ബംഗ്ലാദേശിൽ നിന്നുമായി ആൻജിയോപ്ലാസ്റ്റിയുടെ തത്സമയ സംപ്രേക്ഷണം, ചിപ്പ് ആൻജിയോപ്ലാസ്റ്റിയെക്കുറിച്ചുള്ള സമഗ്രമായ അധ്യാപനം എന്നിവ കോൺഫറൻസിൽ അവതരിപ്പിക്കും. നടപടിക്രമങ്ങളിലെ സങ്കീർണതകളും സമ്മേളനം ചർച്ച ചെയ്യും. സങ്കീർണ്ണമായ ആൻജിയോപ്ലാസ്റ്റിയിൽ കൃത്യതയും നൈപുണ്യവും വർദ്ധിപ്പിക്കാനും, അറിവു പങ്കിടാനും, അതിനൂതന സാങ്കേതിക വിദ്യകൾ ചർച്ച ചെയ്യാനും ലക്ഷ്യമിട്ടാണ് ഈ ശാസ്ത്രവിരുന്നെന്ന് ആസ്റ്റർ മെഡ്സിറ്റിയിലെ സീനിയർ ഇന്റർവെൻഷണൽ കാർഡിയോളജിസ്റ്റും ഓർഗനൈസിംഗ് ചെയർമാനുമായ ഡോ. അനിൽ കുമാർ ആർ പറഞ്ഞു. സങ്കീർണ്ണമായ കേസുകൾ സാധാരണയായി വിദഗ്ധർ കൈകാര്യം ചെയ്യുമെങ്കിലും, പതിവ് ആൻജിയോപ്ലാസ്റ്റി കേസുകൾ പോലും അപ്രതീക്ഷിതമായി ഉയർന്ന അപകടസാധ്യതയുള്ളതായി മാറാമെന്ന് ഓർഗനൈസിങ്ങ് സെക്രട്ടറി ഡോ. അനിൽ ബാലചന്ദ്രൻ പറഞ്ഞു.അതിനാൽ, എല്ലാ ഹൃദ്രോഗ വിദഗ്ദ്ധരും അനുഭവ നിലവാരം വർദ്ധിപ്പിച്ച്, വെല്ലുവിളി നിറഞ്ഞ കേസുകൾ കൈകാര്യം ചെയ്യാൻ പ്രാപ്തരാവേണ്ടതുണ്ട്. ഇതിനുള്ള പരിശീലനമെന്ന നിലയിൽ കൂടിയാണ് ചിപ്പ് കോൺഫറൻസ് രൂപകൽപ്പന ചെയ്തിരിക്കുന്നതെന്ന് ഡോ. അനിൽ ബാലചന്ദ്രൻ പറഞ്ഞു.കീറിമുറിക്കലുകൾ ഇല്ലാത്ത താക്കോൽ ദ്വാരം വഴി നടത്തുന്ന അതിനൂതന കത്തീറ്റർ, കീഹോൾ സാങ്കേതികവിദ്യകൾ ചർച്ച ചെയ്യുന്ന നിരവധി സെഷനുകൾ സംഘടിപ്പിക്കുന്നുണ്ട്. ഹൃദയ പേശികളിലെ രക്ത കുഴലുകൾ പൂർണ്ണമായും അടഞ്ഞുണ്ടാകുന്ന ബ്ലോക്കുകൾ, രക്തകുഴലുകൾ ശാഖയായി പിരിയുന്നിടത്തെ ബ്ലോക്കുകൾ എന്നിവ നീക്കം ചെയ്യുന്നതും, കഠിനമായ കാൽസിഫൈഡ് ബ്ലോക്കുകൾ പൊടിച്ച് കളയുന്ന സാങ്കേതിക വിദ്യകളും, ലേസർ ആൻജിയോപ്ലാസ്റ്റിയും, രക്തകുഴലുകളുടെ തടസ്സമുള്ള ഭാഗങ്ങളുടെ ആന്തരിക ചിത്രീകരണവും സംബന്ധിച്ച് പ്രത്യേക ശാസ്ത്ര സെഷനുകളും സമ്മേളനത്തിൽ നടക്കും.




## കീം 2024: കേന്ദ്രീകൃത അലോട്ട്മെന്റ്

**തിരുവനന്തപുരം:** സംസ്ഥാനത്തെ എൻജിനിയറിങ്, ഫാർമസി കോഴ്സുകളിലേക്ക് 20242025 അധ്യയന വർഷത്തെ കേന്ദ്രീകൃത അലോട്ട്മെന്റ് നടപടികൾ ആരംഭിച്ചു. ഈ ഘട്ടത്തിൽ വിദ്യാർഥികൾക്ക് വിവിധ എൻജിനിയറിങ്, ഫാർമസി കോഴ്സുകളിലേക്ക് ഓൺലൈൻ ഓപ്ഷനുകൾ സമർപ്പിക്കാം. സർക്കാർ / എയ്ഡഡ് / സ്വയംഭരണ എയ്ഡഡ് / സർക്കാർ കോസ്റ്റ് ഷെയറിംഗ് / സ്വകാര്യ സ്വാശ്രയ / സ്വയംഭരണ (സ്വകാര്യ സ്വാശ്രയ) എൻജിനിയറിങ് കോളേജുകളിലേക്കും, സർക്കാർ / സ്വകാര്യ സ്വാശ്രയ ഫാർമസി കോളേജുകളിലേക്കും ആണ് ഈ ഘട്ടത്തിൽ ഓപ്ഷനുകൾ ക്ഷണിക്കുന്നത്. 2024 ലെ എൻജിനിയറിങ്, ഫാർമസി കോഴ്സുകളിലേക്കുള്ള പ്രവേശനത്തിനായി യോഗ്യത നേടിയ കോഴ്സുകളിലേക്കുള്ള പ്രവേശനത്തിനായി യോഗ്യത നേടിയ വിദ്യാർഥികൾക്ക് ആഗസ്റ്റ് അഞ്ചിനു രാവിലെ 11 വരെ www.cee.kerala.gov.in ലൂടെ ഓൺലൈനായി ഓപ്ഷനുകൾ രജിസ്റ്റർ ചെയ്യാം. ഓപ്ഷനുകൾ രജിസ്റ്റർ ചെയ്യാത്ത വിദ്യാർഥികളെ അലോട്ട്മെന്റിന് പരിഗണിക്കില്ല. പ്രവേശനം ലഭിക്കാൻ ആഗ്രഹിക്കുന്ന എല്ലാ എൻജിനിയറിങ് കോഴ്സുകളിലേക്കും ഈ ഘട്ടത്തിൽത്തന്നെ ഓപ്ഷനുകൾ നൽകാൻ വിദ്യാർഥികൾ ശ്രദ്ധിക്കണം. വിശദ വിവരങ്ങൾക്ക് പ്രവേശന പരീക്ഷാ കമ്മീഷണറുടെ www.cee.kerala.gov.in എന്ന വെബ്സൈറ്റിൽ നൽകിയിട്ടുള്ള വിജ്ഞാപനം കാണുക. ഹെൽപ് ലൈൻ നമ്പർ : 0471 2525300.

# പുതിയ യെസ്ഡി അഡ്വഞ്ചർ അവതരിപ്പിച്ചു



**കൊച്ചി:** ജാവ യെസ്ഡി മോട്ടോർസൈക്കിൾസ് പുതിയ യെസ്ഡി അഡ്വഞ്ചര് വിപണിയിൽ അവതരിപ്പിച്ചു. അസാധാരണമായ ഡിസൈൻ , ലോഡഡ് ഫീച്ചേഴ്സ്,അജയ്യമായ പ്രകടനം മൂന്ന് നിർണായക ഘടകങ്ങളെ പ്രതിനീധികരിച്ച് പുനർരൂപകല്പന ചെയ്ത പുതിയ യെസ്ഡി അഡ്വഞ്ചറിന് 2,09,900 രൂപയാണ് ഡൽഹി എക്സ്ഷോറൂം പ്രാരംഭ വില. 29.6 പിഎസ്, 29.9എൻഎം എന്നിവയുള്ള പുതിയ ആല്ഫ2, 334സിസി ലിക്വിഡ്കൂൾഡ് എഞ്ചിനാണ് പുതിയ യെസ്ഡി അഡ്വഞ്ചറിൻറെ കരുത്ത്. സുഗമമായ പ്രകടനം നല്കാനും മൊത്തത്തിലുള്ള റൈഡിങ് അനുഭവം ഉയർത്താനും ഇത് സഹായിക്കും. മെച്ചപ്പെട്ട തെർമൽ മാനേജ്മെൻറിനും പ്രകടനത്തിനുമായി പുതിയ സെന്ട്രൽ എക്സ്ഹോസ്റ്റ് റൂട്ടിങ് പുതിയ മോഡലിലുണ്ട്.ടാങ്കിനും സൈഡ് പാനലുകൾക്കുമായി പുതിയ ഡെക്കൽ ഡിസൈനാണ് നല്കിയിരിക്കുന്നത്. മികച്ച ഓഫ്റോഡ് ശേഷിക്കും ടൂറിങ് സൗകര്യത്തിനുമായി ക്ലാസ്സ്‌ലീഡിങ് ഗ്രൗണ്ട് ക്ലിയറൻസാണുള്ളത്. എഞ്ചിൻ സംരക്ഷണത്തിനും ഈടിനും കരുത്തുറ്റ പുതിയ സംപ് ഗാർഡാണ് സജ്ജീകരിച്ചിരിക്കുന്നത്. റൈഡ് മോഡ്സ്, ടേണ്ബൈടേണ് നാവിഗേഷൻ , ബ്ലൂടൂത്ത് കണക്റ്റിവിറ്റി, ഫോണ് ചാർജർ തുടങ്ങി നിരവധി ഫീച്ചറുകളും പുതിയ യെസ്ഡി അഡ്വഞ്ചറിൽ ക്രമീകരിച്ചിട്ടുണ്ട്.ടൊർണാഡോ ബ്ലാക്ക് വേരിയൻറിന് 2,09,900 രൂപയും, മാഗ്നൈറ്റ് മെറൂണ് ഡിടി വേരിയൻറിന് 2,12,900 രൂപയുമാണ് വില. വൂൾഫ് ഗ്രേ ഡിടി 2,15,900 രൂപ, ഗ്ലേസിയർ വൈറ്റ് ഡിടി 2,19,900 എന്നിങ്ങനെയാണ് മറ്റു വകഭേദങ്ങളുടെ വില. അഡ്വഞ്ചർ റൈഡർമാർക്കുള്ള ആത്യന്തിക തിരഞ്ഞെടുപ്പായി യെസ്ഡി അഡ്വഞ്ചർ ആധിപത്യം സ്ഥാപിക്കുമെന്നും, ഒരു മോട്ടോർസൈക്കിളിനപ്പുറം അതിൻറെ വിഭാഗത്തിൽ പുതിയ മാനദണ്ഡം സ്ഥാപിക്കുമെന്നും ജാവ യെസ്ഡി മോട്ടോർസൈക്കിൾസ് സിഇഒ ആശിഷ് സിങ് ജോഷി പറഞ്ഞു.




RNI No:KERMAL/2018/76135 Society Today Magazine-Special Issue-Private circulation, Kochi-26, 0484-3512288 , Kerala.E-mail-societytodaynews@gmail.com